*"ഭരണഭാഷ-മാതൃഭാഷ"*

## മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ

വിഷയം:- മലപ്പുറം ജില്ല- പഞ്ചായത്ത് വകുപ്പ് - ഓഫീസ് അറ്റന്റന്റുമാരുടെ റേഷ്യോ പ്രമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ജി.ഒ(പി) നമ്പർ 817/95(58)ഫിൻ തീയതി:14/11/1995.ോ
2) ജി.ഒ(ആർടി)നമ്പർ 189/08/പി&എആർഡി തീയതി 15/10/2008.
3) ഈ ഓഫീസിലെ 28/11/2012 ലെ ഇതേ നമ്പർ ഉത്തരവ്.
4) ജിഒ(എംഎസ്)നമ്പർ 22/12/പി&എആർഡി തീയതി 4/5/2012.
5) ജി.ഒ(പി)നമ്പർ 515/07/ഫിൻ തീയതി 19/10/2007.
6) ഈ ഓഫീസിലെ 01/12/12, 03/06/14 തിയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ.

---

**ഉത്തരവ് നമ്പർ: ഡി3-9757/2008 തീയ്യതി: 12/06/2015**

---

മേൽ പരാമർശ ഉത്തരവുകൾ പ്രകാരവും ഡബ്ലിയു.പി.(സി) നമ്പർ 37874/07 കേസിലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച മലപ്പുറം ജില്ലയിൽ പഞ്ചായത്തു വകുപ്പിൽ ജോലി ചെയ്യുന്ന ഓഫീസ് അറ്റന്റന്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും അനുവദനീയ തസ്തികകളുടെ 2:1 അനുപാതത്തിൽ പരാമർശം (6) പ്രകാരം റേഷ്യോ പ്രമോഷൻ അനുവദിച്ച് ഉത്തരവായിരുന്നു.

പരാമർശം (6) ലെ ഉത്തരവുകൾ പ്രകാരം റേഷ്യോ പ്രൊമോഷൻ അനുവദിച്ചവരിൽ നിന്നും വിരമിച്ചവർ, മരണപ്പെട്ടവർ, തസ്തികമാറ്റം / അന്തർജില്ലാ സ്ഥലംമാറ്റം വഴി വിടുതൽ ചെയ്തവർ എന്നിവ കണക്കാക്കി താഴെ പട്ടികയിൽ ചേർത്ത ജീവനക്കാർക്ക് അവരുടെ പേരിനുനേരെ ചേർത്ത തിയതി പ്രാബല്യത്തിൽ *സ.ഉ.(പി) നമ്പർ 85/2011/ഫിൻ. തീയതി. 26/02/2011* പ്രകാരം 8730-230-9190-250-9940-270-11020-300-12220-330-13540 ശമ്പള സ്കെയിലിൽ റേഷ്യോ പ്രമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | സീനിയോരിറ്റി നമ്പർ | ജീവനക്കാരന്റെ പേര് | ഓഫീസ് | പ്രാബല്യ തിയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 86 | ജോമോൻ.എം.വി | പി.എ.യു.1 നിലമ്പൂർ | 04/09/2014 | തസ്തിക മാറ്റം (അഷ്റഫ്.പി.കെ, ജില്ലാ പഞ്ചായത്ത്, മലപ്പുറം) |
| 2 | 87 | സുരേഷ് ബാബു.പി | ചോക്കാട് ഗ്രാമ പഞ്ചായത്ത് | 04/09/2014 | തസ്തിക മാറ്റം (ശ്രീകുമാർ.പി, വാഴയൂർ ഗ്രാമ പഞ്ചായത്ത്.) |
| 3 | 88 | ഉമ്മർകോയ.എ.കെ | പി.എ.യു 4 മലപ്പുറം | 04/09/2014 | തസ്തിക മാറ്റം (അബ്ദുൽ ലത്തീഫ്.പി, എടപ്പറ്റ ഗ്രാമ പഞ്ചായത്ത്) |
| 4 | 89 | സുബ്രമണ്യൻ.ഇ.പി | എടപ്പാൾ ഗ്രാമ പഞ്ചായത്ത് | 23/02/2015 | വകുപ്പ് വിടുതൽ (ഉദയഭാനു.എ, അമരമ്പലം ഗ്രാമ പഞ്ചായത്ത്.) |
| 5 | 90 | സുധീപ് കുമാർ | മൂർക്കനാട് ഗ്രാമ പഞ്ചായത്ത് | 27/02/2015 | തസ്തിക മാറ്റം (സുരേഷ് ബാബു കുന്നത്ത്, കൊണ്ടോട്ടി ഗ്രാമ പഞ്ചായത്ത്) |

| | | | | | |
|---|---|---|---|---|---|
| 6 | 91 | എം.ബാലചന്ദ്രൻ | പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് | 19/03/2015 | തസ്തിക മാറ്റം (ശ്യാമള.കെ, മുതുവല്ലൂർ ഗ്രാമ പഞ്ചായത്ത്) |
| 7 | 92 | ഷാജി.സി | പി.എ.യു 5 വേങ്ങര | 31/05/2015 | വിരമിക്കൽ (മാലതി.സി.എൻ, മൂന്നിയൂർ ഗ്രാമ പഞ്ചായത്ത്) |
| 8 | 94 | സുരേഷ് ബാബു.എ | തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് | 31/05/2015 | വിരമിക്കൽ (മുഹമ്മദ്.വി, താനാളൂർ ഗ്രാമ പഞ്ചായത്ത്) |

റേഷ്യോ പ്രമോഷന് അർഹരായിട്ടുള്ളവർക്ക് കെ.എസ്.ആർ.ചട്ടങ്ങൾ പ്രകാരവും അതത് കാലങ്ങളിലെ ശമ്പള ഉത്തരവുകളുടെ അടിസ്ഥാനത്തിലും ശമ്പളം പുനർനിർണ്ണയിക്കാവുന്നതും പരാമർശം (5) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശമ്പളാനുകൂല്യങ്ങൾ കൈപ്പറ്റാവുന്നതുമാണ്.

റേഷ്യോ പ്രമോഷൻ അനുവദിച്ച തീയതിക്കു മുൻപായി സേവന ദൈർഘ്യ പ്രകാരം സമയബന്ധിത ഗ്രേഡ് ലഭിച്ചവർക്കും മറ്റേതെങ്കിലും ഉത്തരവുകളിലൂടെ അർഹമായ ഉയർന്ന ശമ്പള സ്കെയിലുകൾ ലഭിച്ചവർക്കും പ്രസ്തുത തീയതിയിൽ തന്നെ ആനുകൂല്യം തുടരാവുന്നതാണ്.

റേഷ്യോ പ്രമോഷൻ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ ജീവനക്കാരുടെ സേവനപുസ്തകത്തിൽ യഥാവിധി രേഖപ്പെടുത്തേണ്ടതും പകർപ്പ് സേവനപുസ്തകത്തിൽ പതിക്കേണ്ടതുമാണ്.

**(ഒപ്പ്)**
***വി.ഹരിദാസൻ***
മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ
പൂർണ്ണ അധിക ചുമതല വഹിക്കുന്ന കോഴിക്കോട്
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ

പകർപ്പ്: 1) പഞ്ചായത്ത് അസി.ഡയറക്ടർ, മലപ്പുറം.
2) സീനിയർ സൂപ്രണ്ടുമാർ.
3) എ5 / ഡി1 സെക്ഷന്.
2) മുഴുവൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
3) ഫയൽ/കരുതൽ/അധികം

***/ആജ്ഞാനുസരണം/***

***ജൂനിയർ സൂപ്രണ്ട്.***